**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2469** **07-07-2022 - ൽ മറുപടിയ്ക്ക്**

**സ്ഥലം ഏറ്റെടുക്കുന്നതിന് നഷ്ട പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ബാംഗ്ലൂർ- കൊച്ചി വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിൽ എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത് എന്ന് അറിയിക്കാമോ; സ്ഥലം ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരമായി എത്ര തുകയാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | ടി പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ പുതുശ്ശേരിയിൽ 620.3982 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-I-ൽ 242.82 ഹെക്ടറും, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-II-ൽ 225.82 ഹെക്ടറും, പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ- പുതുശ്ശേരി-III-ൽ 151.76 ഹെക്ടറും ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു. ജില്ലാ റവന്യൂ അധികാരികൾ, Land Acquisition Act പ്രകാരം പുതുശ്ശേരി-I-ൽ ഉൾപ്പെട്ട കരഭൂമി ഉടമകൾക്ക് സെന്റിന് 93,498/- രൂപ നിരക്കിലും നിലത്തിനു സെന്റിന് 36,327/- രൂപ എന്ന നിരക്കിലും, പുതുശ്ശേരി-II-ൽ ഉൾപ്പെട്ട കരഭൂമി ഉടമകൾക്ക് സെന്റിന് 1,12,782/- രൂപ എന്ന നിരക്കിലും നിലത്തിനു സെന്റിന് 60,001/- രൂപ എന്ന നിരക്കിലും ഭൂമി വില നൽകിയിട്ടുണ്ട്. ഇത് കൂടാതെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച തീയതി മുതൽ ചമയങ്ങൾക്കും മറ്റുമായി 12% പലിശ അധികമായി ലഭിക്കും.<br><br>പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-I ൽ 458.59 ഏക്കർ ഭൂമിയുടെ അവാർഡ് പാസ്സാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-II ൽ 214.86 ഏക്കർ ഭൂമിയുടെ അവാർഡ് പാസ്സാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ-പുതുശ്ശേരി-III ൽ 375 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന്റെ പരിസരത്തുള്ള സ്ഥലങ്ങൾ വിട്ടു നൽകാൻ ഭൂവുടമകൾ സന്നദ്ധത അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂമി ഏറ്റെടുക്കുന്നത് | (ബി) | അധികമായി ഭൂമി ഏറ്റെടുക്കുന്നത് പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ